പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3478** **25.06.2012 - ൽ മറുപടിയ്ക്ക്**

**കൊലപാതക കേസുകളിൽ പീഡനത്തിലൂടെ തെളിവ് ശേഖരണം**

**ചോദ്യം**

**ശ്രീ. എളമരം കരീം**
**ശ്രീ. എസ്. ശർമ്മ**
**ശ്രീ. കെ.വി. വിജയദാസ്**
**ശ്രീമതി. കെ.കെ. ലതിക**

**ഉത്തരം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)**

**എ)** സംസ്ഥാനത്ത് പോലീസ് അന്വേഷണത്തിലിരിക്കുന്ന ചില കൊലപാതക കേസുകളിൽ ശാസ്ത്രീയമായ് അന്വേഷണത്തിലൂടെ സത്യം പുറത്തു കൊണ്ടുവരുന്നതിന് പകരം തെറ്റായ തെളിവ് ശേഖരണം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ബി)** ശാരീരികവും മാനസികവുമായ പീഡനങ്ങളും ഭീഷണിയും ഉപയോഗിച്ച് നിർബന്ധിതമായി മൊഴികൾ പറയിപ്പിച്ചുകൊണ്ട് ചോദ്യം ചെയ്യലിനുള്ള അവകാശം ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി പോലീസ് ദുരുപയോഗം ചെയ്തുവരുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

**സി)** അതിരുകടന്ന ഇത്തരം നടപടികൾക്ക് പോലീസ് അന്വേഷണ സംഘത്തെ സമ്മർദ്ദത്തിലാക്കുന്ന അധികാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കുമോ?

**എ) & ബി)** ചില പ്രത്യേക രാഷ്ട്രീയ പ്രവർത്തകരുടെ ആക്ഷേപങ്ങൾ പത്ര മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ആക്ഷേപങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണ്. പോലീസ് തെറ്റായ തെളിവ് ശേഖരണം നടത്തുകയോ ശാരീരികവും മാനസികവുമായ പീഡനങ്ങളും ഭീഷണിയും ഉപയോഗിച്ച് നിർബന്ധിതമായി മൊഴികൾ രേഖപ്പെടുത്തുകയോ ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി ചോദ്യം ചെയ്യുന്നോ ഇല്ല. ശാസ്ത്രീയ മാർഗങ്ങളിലൂടെയാണ് തെളിവ് ശേഖരിക്കുന്നത്.

**സി)** ചോദ്യം ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ.